പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 143

15-06-2012 – ൽ മറുപടിയ്ക്ക്

## വെളിച്ചെണ്ണയുടെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.ബിഡി.ദേവസ്സി<br>ശ്രീ.കെ.ദാസൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

(എ) പൊതു വിപണിയിൽ വെളിച്ചെണ്ണയുടെ വിലയിടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) സംസ്ഥാന ബഡ്ജറ്റിൽ മറ്റു ഭക്ഷ്യ എണ്ണകളുടെ നികുതി നാല് ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറച്ചതു മൂലം അവയുടെ വിലയിലുണ്ടായ മാറ്റം വെളിച്ചെണ്ണ വിലയെ എങ്ങനെ ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1-5-2007 മുതൽ വെളിച്ചെണ്ണ നികുതി വിമുക്തമാണ്. മറ്റു ഭക്ഷ്യ എണ്ണകളുടെ നികുതി നിരക്ക് 1-4-2012 മുതൽ 4 ശതമാനത്തിൽ നിന്നും ഒരു ശതമാനമായി കുറവു വരുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി വെളിച്ചെണ്ണയുടെയും മറ്റു ഭക്ഷ്യ എണ്ണകളുടെയും വില കുറയാൻ സാദ്ധ്യതയുണ്ട്. കടുത്ത മത്സരം നേരിടുന്ന ഭക്ഷ്യ എണ്ണ കമ്പോളത്തിൽ മൂന്നു ശതമാനം നികുതിനിരക്കിനുണ്ടായ കുറവ് മറ്റ് എണ്ണകൾക്ക് വെളിച്ചെണ്ണയുമായുള്ള കമ്പോള മത്സരത്തിൽ വ്യക്തമായ മുൻതൂക്കം നൽകുകയും അതിനെ തുടർന്ന് വിപണിയിൽ പിടിച്ചുനിൽക്കാനായി ഒരു പരിധിവരെ വെളിച്ചെണ്ണ വിലയും കുറയ്ക്കേണ്ട സ്ഥിതി സംജാതമാകാൻ സാദ്ധ്യതയുണ്ട്.

(സി) വിലയിടിവ് തടയുന്നതിനായി സംസ്ഥാനത്തെ തുറമുഖങ്ങളിലൂടെയുള്ള പാമോയിൽ ഇറക്കുമതി നിരോധിക്കാൻ ശ്രമം നടത്തുമോ;

(സി) പാമോയിൽ ഇറക്കുമതിയും ചുങ്കവും സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കേന്ദ്ര സർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിലൂടെയാണ്. കേന്ദ്ര സർക്കാരിന്റെ മിനിമം സപ്പോർട്ട് പ്രൈസ് പദ്ധതി പ്രകാരം (എം.എസ്.പി) കേരളത്തിലെ കാർഷിക വിളകളായ നെല്ലും കൊപ്രയു (നാളികേരം) മാണ് ഉൾപ്പെട്ടിട്ടുള്ളത്. കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷന് സംസ്ഥാന സർക്കാരിന് വേണ്ടി സംസ്ഥാന

വിലനിർണ്ണയ ബോർഡ് സമർപ്പിച്ച കൊപ്രയുടെ പ്രൈസ് പോളിസി റിപ്പോർട്ടിൽ കുറഞ്ഞ നിരക്കിലുള്ള ഭക്ഷ്യ എണ്ണയുടെ ഇറക്കുമതിയെ സംബന്ധിച്ചുള്ള ആശങ്ക സംസ്ഥാനം പരാമർശിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കേര കർഷകരുടെ സംരക്ഷണം ഉറപ്പാക്കുന്ന തരത്തിൽ വെളിച്ചെണ്ണയ്ക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കേര കർഷകർക്ക് അവരുടെ ഉല്പന്നങ്ങളായ നാളികേരത്തിനും കൊപ്രയ്ക്കും ന്യായവില ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില പദ്ധതി അനുസരിച്ചുള്ള സംഭരണ പരിപാടികൾ കേരളത്തിൽ നടപ്പാക്കിവരുന്നുണ്ട്. നാഫെഡ് കേന്ദ്ര ഏജൻസിയായും കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ സംസ്ഥാനതല ഏജൻസികളായും നടത്തുന്ന പ്രസ്തുത പദ്ധതി അനുസരിച്ച് മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100/-രൂപ നൽകിയും ഉണ്ട കൊപ്ര ക്വിന്റലിന് 5350/- രൂപ നൽകിയും തൊണ്ടു കളഞ്ഞ് വെള്ളത്തോടുകൂടിയുള്ള നാളികേരം കിലോയ്ക്ക് 14/- രൂപ നൽകിയും കർഷകരിൽ നിന്ന് സഹകരണ സംഘങ്ങളിലൂടെയും നാളികേര വികസന ബോർഡിന്റെ കീഴിലുള്ള നാളികേര ഉൽപാദക സംഘങ്ങളിലൂടെയും സംഭരിച്ചുവരുന്നു.<br>കേന്ദ്ര സർക്കാരിന്റെ മിനിമം സപ്പോർട്ട് പ്രൈസ് പദ്ധതി പ്രകാരം കൊപ്രയ്ക്കാണ് താങ്ങുവില പ്രഖ്യാപിക്കുന്നതും സംഭരണം നടത്തുന്നതും. വെളിച്ചെണ്ണയ്ക്ക് ന്യായവില പ്രഖ്യാപിക്കുന്നില്ല. വെളിച്ചെണ്ണയെ അപേക്ഷിച്ച് കൊപ്ര ദീർഘനാൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഗുണനിലവാര നിർണ്ണയത്തിനും മെച്ചമായതിനാൽ സംഭരണ പദ്ധതിയിൽ കൊപ്രയായിട്ടാണ് നാളികേരം സംഭരിക്കുന്നത്. കൊപ്രയ്ക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിലൂടെ വെളിച്ചെണ്ണ വിലയും ഉയരുന്നതാണ്. |

സെക്ഷൻ ഓഫീസർ